# കുറിപ്പ്

ബഹു: സുപ്രീം കോടതിയുടെ 30-10-2002 ലെ ഉത്തരവ് അനുസരിച്ച് 30-10-2002 നു ശേഷം രാജ്യത്ത് അറക്കവാൾ ഉപയോഗിച്ചുള്ള തടി മില്ല്, യന്ത്ര സാമഗ്രികൾ ഉപയോഗിച്ചുള്ള ഫർണിച്ചർ യൂണിറ്റ്, പാക്കിംഗ് കെയ്സ് യൂണിറ്റ്, ബ്ളോക്ക് ബോർഡ് യൂണിറ്റ്, പ്ലൈവുഡ് യൂണിറ്റ്, വെനീർ യൂണിറ്റ് തുടങ്ങിയ തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി നിയമിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. അതനുസരിച്ച് നിലവിൽ വനം വകുപ്പിന്റെ എൻ.ഒ.സി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് എന്നിവ കൂടാതെ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല. ഇത്തരത്തിൽ നിയമാനുസരണമുള്ള രേഖകൾ കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ബഹു. സുപ്രീംകോടതിയുടെ വിധിയനുസരിച്ച് മേൽപ്പറഞ്ഞ രേഖകൾ സ്വായത്തമാക്കിയ ശേഷം മാത്രം പ്രവർത്തിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സ്ഥാപന ഉടമകളും, പുതുതായി മരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തികളും ബഹു. സുപ്രീംകോടതി രൂപീകരിച്ചിട്ടുള്ള സെൻട്രൽ എംപവേർഡ് കമ്മിറ്റി നിയോഗിച്ചിട്ടുള്ള സ്റ്റേറ്റ് ലവൽ കമ്മിറ്റിയുടെ കൺവീനർക്ക് താഴെ പറയുന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എ) & എൻ.ഒ &
കൺവീനർ,
സ്റ്റേറ്റ് ലവൽ കമ്മിറ്റി,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം - 695 014.

ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നാല് ഷെഡ്യൂളുകളായി തിരിക്കുന്നതും, താഴെ കൊടുക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

1) **ഷെഡ്യൂൾ-1** : 30-10-2002 നു മുൻപ് സ്ഥാപിച്ചതും, ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതും, എന്നാൽ എൻ.ഒ.സി/ലൈസൻസ് യഥാസമയം പുതുക്കാത്തതുമായ തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ.

2) ഷെഡ്യൂൾ-2 : 30-10-2002 ന് ശേഷമുള്ളതും, തുടങ്ങാൻ ഉദ്ദേശിക്കുന്നതും, അറക്കവാൾ, ഉരുളൻ തടി എന്നിവ ഉപയോഗിക്കാത്തതും, എന്നാൽ മെഷീൻ ഉപയോഗിക്കുന്നതുമായ ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ.

3) ഷെഡ്യൂൾ-3 : റബ്ബർ തടി മാത്രം ഉപയോഗിക്കുന്നതും, 30-10-2002 നു ശേഷം തുടങ്ങിയിട്ടുള്ളതും, തുടങ്ങാൻ ഉദ്ദേശിക്കുന്നതുമായ തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ.

4) ഷെഡ്യൂൾ-4 : 30-10-2002 നു ശേഷം തുടങ്ങിയതും/തുടങ്ങാനുദ്ദേശിക്കുന്നതും, അറക്കവാൾ, ഉരുളൻ തടി എന്നിവ ഉപയോഗിക്കുന്നതുമായ തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ.

മുകളിൽ വിവരിച്ചിട്ടുള്ളവയിൽ 2 മുതൽ 4 വരെയുള്ള ഷെഡ്യൂളുകളിൽ പെട്ടവയ്ക്ക് താഴെ പറയുന്ന ക്രമത്തിലുള്ള ഒറ്റത്തവണ തുക സർക്കാരിലേക്ക് ഒടുക്കുവാനുള്ള നോട്ടീസ് ലഭ്യമാകുന്ന മുറയ്ക്ക് ടി തുക ഒടുക്കിയ ശേഷം മാത്രമേ എൻ.ഒ.സി നൽകുകയുള്ളു.

I. ഫർണിച്ചർ / മാച്ച് വുഡ് / പെൻസിൽ സ്ളാറ്റ് യൂണിറ്റ് - 10,000/- രൂപ (പതിനായിരം രൂപ) / യൂണിറ്റ്
II. പാക്കിംഗ് കേസ് / ബ്ളോക്ക് ബോർഡ് യൂണിറ്റ് - 50,000/- രൂപ (അൻപതിനായിരം രൂപ) /യൂണിറ്റ്
III. പ്ലൈവുഡ് യൂണിറ്റ് - 200000/- രൂപ (രണ്ടു ലക്ഷം രൂപ) / പ്രസ്സ്
IV. വെനീർ യൂണിറ്റ് - 200000/- രൂപ (രണ്ടു ലക്ഷം രൂപ) (പീലർ/ സ്ലൈസർ)

അപേക്ഷാ ഫീസ് ഇല്ല.

അപേക്ഷകൾ ലഭ്യമാകുന്നതനുസരിച്ച് ഓരോ സ്ഥലത്തും ചെന്ന് ആവശ്യമായ വിവരങ്ങൾ രേഖകൾ നോക്കിയും, സ്ഥലം പരിശോധിച്ചും ബോദ്ധ്യപ്പെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്റ്റേറ്റ് ലവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി റിപ്പോർട്ട് നൽകുന്നതാണ്. പരിശോധനാ വേളയിൽ അപേക്ഷകർ നൽകേണ്ട വിശദാംശങ്ങളും, സമർപ്പിക്കേണ്ട രേഖകളുടെ വിശദാംശങ്ങളും കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.forest.kerala.gov.in ൽ ലഭ്യമാണ്.

30-10-2002 ന് മുമ്പ് ലൈസൻസോടുകൂടി പ്രവർത്തിച്ചു വരുന്നതും എൻ.ഒ.സി/ലൈസൻസ് എന്നിവ പുതുക്കി വരുന്നതും, ഷെഡ്യൂൾ-1 ൽ പെടുന്നതുമായ എല്ലാ വ്യവസായ യൂണിറ്റുകൾക്കും ആവശ്യമായ തടിയുടെ ലഭ്യത കണക്കാക്കിയതിനു ശേഷം മാത്രമേ, ഷെഡ്യൂൾ-4 ൽ പെട്ട അപേക്ഷകർക്ക് തടിയുടെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ എൻ.ഒ.സി നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളു.

30–10–2002 നു മുമ്പു നൽകിയതും, നിലവിൽ പ്രാബല്യമുള്ളതുമായ എൻ.ഒ.സി പുതുക്കുന്നതിന് അതതു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ട്.

നിലവിൽ എൻ.ഒ.സി, ലൈസൻസ് എന്നിവയോടുകൂടി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഒരിടത്തു നിന്നു മറ്റൊരിടത്തേക്കു മാറ്റുന്നതിനു നൽകിയ മാർഗ്ഗ നിർദ്ദേശ പ്രകാരം അതതു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് എൻ.ഒ.സി പുതുക്കുന്നതിനായി നിലവിലുള്ള എൻ.ഒ.സിയുടെ കാലാവധിക്കുള്ളിൽ നൽകിയിട്ടില്ലാത്ത അപേക്ഷകൾ കൺസർവേറ്റർ ഓഫീസുകളിലോ, ഡിവിഷൻ ഓഫീസുകളിലോ സ്വീകരിക്കാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിയമാനുസൃതം പുതുക്കി വരുന്ന എൻ.ഒ.സികൾ പുതുക്കി നൽകുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അധികാരം ഉണ്ട്.

30–10–2002 ന് മുമ്പ് ലൈസൻസോടു കൂടി പ്രവർത്തിച്ചു വരുന്നതും, എന്നാൽ എൻ.ഒ.സി പുതുക്കിയിട്ടില്ലാത്തതുമായ മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ അപേക്ഷ നൽകിയിട്ടില്ലെങ്കിൽ ആയത് സ്റ്റേറ്റ് ലവൽ കമ്മിറ്റി കൺവീനറുടെ ഓഫീസിൽ 31–03–2010 നുള്ളിൽ ലഭിച്ചിരിക്കേണ്ടതാണ്.

**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ**
**& കൺവീനർ സ്റ്റേറ്റ് ലവൽ കമ്മിറ്റി**
**ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്**
**വഴുതക്കാട്, തിരുവനന്തപുരം –14.**